പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **വിദ്യാലയങ്ങളിൽ കൗൺസലർമാരുടെ നിയമനം** | |
| ചോദ്യം | ഉത്തരം |
| **ഡോ.എൻ. ജയരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ജോലി ചെയ്യുന്ന കൗൺസലർമാരുടെ യോഗ്യത മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ജോലി ചെയ്യുന്ന കൗൺസലർമാരുടെ അടിസ്ഥാന യോഗ്യത എം.എസ്.ഡബ്ല്യൂ / എം.എ സൈക്കോളജി ആണ്. കൗൺസിലിംഗിൽ പരിചയം അഭികാമ്യം. |
| (ബി) ഇവർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കൗൺസലർമാർക്ക് നിലവിൽ ₹12,500/- ആണ് ഹോണറേറിയമായി നൽകി വരുന്നത്. ഹോണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) 10 വർഷത്തിലധികമായി പ്രസ്തുത ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) കൗൺസലർമാരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) വിദ്യാലയ കൗൺസലർമാർ ലഭ്യമാക്കുന്ന പഠന റിപ്പോർട്ടുകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിശോധിക്കപ്പെടുന്നുണ്ടോ; നിലവിൽ ഇതിനായി എന്ത് സംവിധാനമാണുള്ളത്; ഇത് കുറ്റമറ്റതാക്കാൻ നടപടിയുണ്ടാകുമോ? | (ഇ) കൗൺസലർമാർ ലഭ്യമാക്കുന്ന പഠന റിപ്പോർട്ടുകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിശോധിക്കാറുണ്ട്. സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ശിശു വികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് പ്രവർത്തനം വിലയിരുത്തുന്നു. കൂടാതെ സ്കൂൾ കൗൺസലർമാരുടെ പ്രതിമാസ റിവ്യൂ ജില്ലാതലത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ/പ്രോഗ്രാം ഓഫീസർമാർ സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നു. സൈക്കോസോഷ്യൽ സർവ്വീസ് Concept note ൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ